(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 50 വയസ്സു കഴിഞ്ഞവരെ സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽനിന്ന് അറിയിക്കുന്ന സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകുക മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ചെയ്യുന്നത്. നിയമനം നടത്തുന്നത് ഉദ്യോഗദായകനാണ്.

(ബി&സി) ഉണ്ട്. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ലോക്കൽ ബോഡികൾ എന്നിവയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഒഴിവുകൾക്ക് അവരുടെ നിയമ പ്രകാരം പ്രായപരിധി അറിയിക്കുന്നത് ഉദ്യോഗദായകരായതിനാൽ പ്രസ്തുത ഒഴിവുകൾക്ക് ഉദ്യോഗദായകൻ ആവശ്യപ്പെടുന്നപക്ഷം 50 വയസ്സു കഴിഞ്ഞ വരെയും നാമനിർദ്ദേശത്തിനായി പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

161 (8221) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചുമട്ടുതൊഴിൽ മേഖലയിൽ വർദ്ധിച്ചുവരുന്ന അനഭിലഷണീയ പ്രവണതകളും നോക്കുകൂലി, അമിതകൂലി എന്നിവ തടയുന്നതിനും ടി മേഖലയിലെ മിന്നൽ പണിമുടക്ക് പോലുള്ളവ അവസാനിപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെയും, ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ 13-5-2013 മുതൽ ജില്ലാ തലത്തിൽ തൊഴിൽ സമാധാന കർമ്മസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഗാർഹിക മേഖലയിലെ പാചക വാതക വിതരണത്തിൽ വർദ്ധിച്ചുവരുന്ന ചുമട്ടുകൂലി തർക്കങ്ങൾ ചർച്ച ചെയ്ത് ജില്ലാതലത്തിൽ ചുമട്ടുകൂലി ഏകീകരിച്ചു. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കീഴിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ അന്തർ സംസ്ഥാന തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ തൊഴിൽ നിയമങ്ങളും ആരോഗ്യസുരക്ഷയും സംബന്ധിച്ച 10 ബോധവൽക്കരണ സെമിനാറുകളും, 8 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ബാലവേല നിരോധന നിയമപ്രകാരം ജില്ലയിൽ ഒട്ടാകെ പരിശോധനയും ബോധവൽക്കരണ സെമിനാറുകളും നടത്തിവരുന്നു. കായംകുളം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ ഉണ്ടായ തൊഴിൽ തർക്കവും സമരവും ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെയും, ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ നടത്തിയ ചർച്ചകളിലൂടെ പരിഹരിച്ച് സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുകയും ഇപ്പോൾ പ്രവർത്തനം സുഗമമായി നടന്നുവരുന്നതുമാണ്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിൽ നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകളും മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും അസംഘടിത തൊഴിലാളികൾക്കുള്ള ധനസഹായ വിതരണവും, ആം ആദ്മി ബീമാ യോജന ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും വളരെ മികച്ച രീതിയിൽ നൽകി വരുന്നു.

(ബി) മാവേലിക്കര എഫ്.സി.ഐ. ഗോഡൗണിൽ നിലനിന്നിരുന്ന കയറ്റിറക്ക് തൊഴിൽ തർക്കം ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെയും ജില്ലാ ലേബർ ഓഫീസറുടെയും, ജില്ലാ സപ്ലൈ ഓഫീസറുടെയും നേതൃത്വത്തിൽ ചർച്ച ചെയ്ത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. മാവേലിക്കരയിൽ ബാലവേല വിരുദ്ധ സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്.